# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം :7780 — 15.07.2014-ൽ മറുപടിയ്ക്ക്

**ഇ.എഫ്.എൽ നിയമത്തിൽ ഭേദഗതി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. കെ. ജയചന്ദ്രൻ<br>,, രാജു എബ്രഹാം<br>,, ജെയിംസ് മാത്യു<br>ശ്രീമതി. കെ.കെ. ലതിക | തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്ട്സും സിനിമയും വകുപ്പ് മന്ത്രി) |
| എ) എന്തെല്ലാം ഉദ്ദേശ്യങ്ങൾക്കു വേണ്ടിയുള്ളതാണ് ഇ.എഫ്.എൽ. നിയമത്തിൽ വരുത്താനുദ്ദേശിക്കുന്ന ഭേദഗതികൾ എന്ന് വെളിപ്പെടുത്താമോ; ഇതിനായി എന്തെങ്കിലും പഠനം നടത്തുകയോ വിദഗ്ദ്ധ സമിതിയുടെ റിപ്പോർട്ട് വാങ്ങുകയോ ചെയ്തിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ ; | എ) ഇ.എഫ്.എൽ നിയമം നടപ്പിലാക്കിയതു മൂലം ചെറുകിട കർഷകർക്ക് നേരിട്ട ബുദ്ധിമുട്ടുകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിരുന്നു. ഇതിനു പരിഹാരമെന്നോണം രണ്ട്ഹെക്ടറിൽ താഴെ ഭൂവിസ്തൃതിയുള്ളവർക്ക് മാത്രമായി തർക്കപരിഹാരത്തിനായി അപേക്ഷ സമർപ്പിക്കുവാൻ 2009 ൽ ഇ.എഫ്.എൽ നിയമത്തിൽ വകുപ്പ് 10(എ) കൂട്ടിച്ചേർത്ത് ഭേദഗതി ചെയ്തിരുന്നു. എന്നാൽ വകുപ്പ് 10(എ) പ്രകാരം എല്ലാ ചെറുകിട കർഷകർക്കും അപേക്ഷ നൽകുവാൻ കഴിഞ്ഞിരുന്നില്ല. അതിനാൽ അപേക്ഷകൾ സമർപ്പിക്കുന്നതിനുള്ള സമയ പരിധി ദീർഘിപ്പിച്ചു നൽകുവാനും നിലവിലുള്ള നിയമ പ്രകാരം ഏറ്റെടുത്തിട്ടുള്ള രണ്ട് ഹെക്ടർ വരെയുള്ള സ്ഥലത്തിനു നഷ്ടപരിഹാരം നൽകുന്നതിനും ഇ.എഫ്.എൽ നിയമപ്രകാരം രൂപവൽക്കരിച്ച ട്രൈബ്യൂണലുകളിൽ കേസ്സു ഫയൽ ചെയ്യുന്നതിനുള്ള അഞ്ച് വർഷ കാലാവധി സംബന്ധിച്ച നിബന്ധനകളിൽ ഇളവ് വരുത്തുന്നതിനും നിയമത്തിൽ ഭേദഗതി വരുത്തുവാനും ഉദ്ദേശിക്കുന്നു. |

| | | | |
|---|---|---|---|
| (ബി) | ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ ഇ.എഫ്.എൽ. നിയമത്തിൻ കീഴിലുണ്ടായിരുന്ന ഭൂമി എത്രയായിരുന്നു; ഇപ്പോഴത് എത്രയായി കുറഞ്ഞിട്ടുണ്ട് ; ഭേദഗതി നിയമം പ്രാബ ല്യത്തിൽ വരുന്നതോടുകൂടി അത് എത്രയായി കുറയുമെന്നാണ് കണക്കാക്കുന്നത് ; വിശദമാക്കുമോ; | ബി) | ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ 13815 ഹെക്ടർ സ്ഥലം ഇ.എഫ്.എൽ നിയമ പ്രകാരം വിജ്ഞാപനം ചെയ്യപ്പെട്ടിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ടി വിസ്തീർണ്ണത്തിൽ കുറവ് വന്നിട്ടില്ല. നിലവിൽ അത് 14590 ഹെക്ടർ ആയി വർദ്ധിച്ചിട്ടുണ്ട്. ഇ.എഫ്.എൽ നിയമഭേദഗതിയുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ ഉദ്ദേശം 700 ഹെക്ടർ സ്ഥലം വിട്ടുകൊടുക്കേണ്ടി വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്. |
| (സി) | പ്രസ്തുത ആവശ്യത്തിലേക്ക് മുഖ്യമന്ത്രി വിളിച്ചു ചേർത്ത യോഗത്തിൽ തീരുമാനങ്ങൾ എന്തെല്ലാമായിരുന്നു ; മിനിട്സ് ലഭ്യമാക്കുമോ ? | സി) | രണ്ട് ഹെക്ടറിൽ താഴെ ഭൂവിസ്തൃതിയുള്ളവർക്ക് മാത്രമായി തർക്കപരിഹാരത്തിനായി അപേക്ഷ സമർപ്പിക്കുവാൻ 2009ൽ ഇ.എഫ്.എൽ നിയമത്തിൽ വകുപ്പ് 10(എ) കൂട്ടിച്ചേർത്ത് ഭേദഗതി ചെയ്തിരുന്നു. എന്നാൽ വകുപ്പ് 10(എ) പ്രകാരം അപേക്ഷ നൽകുന്നതിനുള്ള കാലപരിധി നീട്ടിക്കൊടുക്കുക, 2 ഹെക്ടർ വരെയുള്ള ഇ.എഫ്.എൽ സ്ഥലം ഉടമസ്ഥർക്ക് വിട്ടുകൊടുക്കുക, ഇ.എഫ്.എൽ ഉടമസ്ഥർ ട്രൈബ്യൂണലുകളിൽ കേസ്സ് ഫയൽ ചെയ്യുന്നതിനുള്ള കാലപരിധി നീട്ടിക്കൊടുക്കുക എന്നിവയാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ മീറ്റിംഗിലെ പ്രധാന തീരുമാനങ്ങൾ. ഇതു സംബന്ധിച്ച മിനിട്സിന്റെ പകർപ്പുകൾ അനുബന്ധമായി വയ്ക്കുന്നു. |

സെക്ഷൻ ഓഫീസർ